(സി) ഈ പദ്ധതിക്ക് ആരിൽ നിന്നെല്ലാം സഹകരണവും ധനസഹായവും ലഭിക്കുന്നുണ്ട് ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) സംസ്ഥാനത്തെ 53 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും ദാരിദ്ര്യനിർമ്മാർജ്ജന പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നു.

(ബി) നഗര സ്വയംതൊഴിൽ പരിപാടി, നഗരവേതന നിരത തൊഴിൽ പരിപാടി, ഭവന നിർമ്മാണം, പുനരുദ്ധീകരണം എന്നിവയ്ക്ക് പുറമേ കുടിവെള്ളം, കക്കൂസ്, ഓടകൾ, ചെറിയ പാലങ്ങൾ, കലുങ്കുകൾ, പൊതു കെട്ടിടങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ലൈബ്രറികൾ, വഴിവിളക്കുകൾ തുടങ്ങിയ ചേരി നിവാസികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ധനസഹായവും സഹകരണവും ലഭിക്കുന്നുണ്ട്. കൊച്ചി നഗര ദാരിദ്ര്യ ലഘൂകരണ പദ്ധതിക്ക് ബ്രിട്ടീഷ് സർക്കാരിന്റെ ധനസഹായമുണ്ട്.

ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ തടയാൻ നടപടി

19 (*542) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി : താഴെ. കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാക്കരിയിൽ മായം ചേർത്ത് കുത്തരിയാക്കി വിൽക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരിയിൽ മായം ചേർത്ത് വിൽപ്പന നടത്തിയ എത്ര കേസുകൾ പിടിച്ചിട്ടുണ്ടെന്നും ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ;

(സി) മാരക രോഗങ്ങൾക്ക് കാരണമായേക്കാവുന്ന ഭക്ഷ്യമായങ്ങളും നിറങ്ങളും ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നത് തടയുന്നതിന് കർശനമായ നടപടി കൈക്കൊള്ളുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള 1112 സാമ്പിളുകൾ പരിശോധിച്ചതിൽ 4 സാമ്പിളുകൾ മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ട്. 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമവും ചട്ടവും അനുശാസിക്കും പ്രകാരം കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1954-ലെ കേന്ദ്ര ഭക്ഷ്യമായം ചേർക്കൽ നിരോധന നിയമവും ചട്ടവും പ്രകാരവും 1957-ലെ കേരള ഭക്ഷ്യമായം ചേർക്കൽ നിരോധന ചട്ടവും പ്രകാരം ഇതു തടയുന്നതിന് കർശനമായ നടപടി കൈക്കൊണ്ടുവരുന്നു.

സമഗ്ര പരിസ്ഥിതി നയം

20 (*543) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും ഉതകുന്ന ഒരു പരിസ്ഥിതി നയം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്ന നയം കേരളത്തിന്റെ പരിസ്ഥിതിയേയും പ്രകൃതി വിഭവങ്ങളേയും തൊഴിലാളികളുടെ താൽപ്പര്യങ്ങളേയും തകർക്കാനിടയാക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രകൃതി വിഭവങ്ങൾ അനധികൃതമായി ചൂഷണം ചെയ്യപ്പെടുന്നതിന് എതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ സ്വീകരിച്ചു വരുന്ന നയം തിരുത്തിക്കൊണ്ട് സമഗ്രമായൊരു പരിസ്ഥിതി നയം രൂപീകരിക്കാൻ തയ്യാറാകുമോ ; വിശദാംശം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി-ഡി) സംസ്ഥാന സർക്കാരിന്റെ സമഗ്ര പരിസ്ഥിതി നയത്തിന്റെ കരടു രൂപം മറ്റു വകുപ്പുകളുടെ അഭിപ്രായങ്ങൾക്കായി അയച്ചിട്ടുണ്ട്. ഇത് മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നുണ്ട്. പ്രസ്തുത നയത്തിൽ പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണം തടയാനും പ്രകൃതിയുടെ വിവിധ വശങ്ങളെ കോർത്തിണക്കുന്ന മേഖലകളിൽ എല്ലാംതന്നെ ഭാവി തലമുറയെ കൂടി കണക്കിലെടുത്തുകൊണ്ടുള്ള സുസ്ഥിര വികസനം (Sustainable Development) നടപ്പിലാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു. പ്രസ്തുത നയം വേണ്ട രീതിയിൽ നടപ്പിലാക്കുന്നു എന്നു ഉറപ്പുവരുത്താനായി ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും പ്രത്യേകമായി തന്നെ വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന് പാരിസ്ഥിതിക അനുമതി നൽകാൻ കഴിയുന്ന അധികാര പരിധി നിർണ്ണയിക്കാനുള്ള നിർദ്ദേശങ്ങളും പ്രസ്തുത കരടു രേഖയിൽ ഉണ്ട്. മലിനീകരണ നിയന്ത്രണം കൂടുതൽ ഫലവത്താക്കാനുള്ള മുന്നോടിയായി ആയതിന് പ്രത്യേക പരിഗണന നൽകുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly